# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**മാർച്ച് 14**

**MARCH 14**

**2019**

*1193 കുംഭം 30* **വ്യാഴം**

# പത്രക്കുറിപ്പ് 1



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## പെരുമാറ്റച്ചട്ട ലംഘനങ്ങൾക്ക് തടയിടാൻ ഇനി സി വിജിൽ ആപ്പ്

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം വോട്ടർമാർക്കു തന്നെ തടയാനുള്ള മൊബൈൽ ആപ്ലിക്കേഷൻ സിറ്റിസൺസ് വിജിൽ (സി വിജിൽ) ജില്ലയിൽ പ്രവർത്തന സജ്ജമായി. മൊബൈൽ ആപ്ലിക്കേഷനിലൂടെ ചട്ടലംഘനം മിനിറ്റുകൾക്കുള്ളിൽ റിട്ടേണിങ് ഓഫിസറുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയും വിധത്തിലാണ് ആപ്പ് സംജ്ജീകരിച്ചിരിക്കുന്നത്. ജില്ലാ കളക്ടറേറ്റിലാണ് സി വിജിലിന്റെ കൺട്രോൾ റൂം പ്രവർത്തിക്കുന്നത്.

ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഫോട്ടോയോ വീഡിയയോ എടുത്ത് ആപ്പിൽ അപ്‌ലോഡ് ചെയ്താൽ പരാതിയായി പരിഗണിക്കും. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് ചട്ടലംഘനം നടന്ന സ്ഥലം കണ്ടെത്താനാകും. പരാതി അപ്‌ലോഡ് ചെയ്തു കഴിയുന്നതോടെ ഒരു യുണീക് ഐഡി ലഭിക്കും.

ഇതിലൂടെ ഇതിന്റെ ഫോളോഅപ്പ് മൊബൈലിൽ തന്നെ ട്രാക്ക് ചെയ്യാൻ വോട്ടർക്കു കഴിയും. ഒരാൾക്ക് ഒന്നിലധികം ചട്ടലംഘനം റിപോർട്ട് ചെയ്യാൻ കഴിയുമെന്നതാണ് മറ്റൊരു പ്രത്യേകത.

പരാതിക്കാരന്റെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. ആപ്പിന്റെ ദുരുപയോഗം തടയുന്നതിനുള്ള ഫീച്ചറുകൾ ഇതിൽ തന്നെയുണ്ട്. പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഫോട്ടോയോ വീഡിയയോ ക്ലിക്ക് ചെയ്തതിനു ശേഷം സംഭവം റിപോർട്ട് ചെയ്യാൻ അഞ്ചു മിനിറ്റ് ലഭിക്കും. നേരത്തെ റെക്കോഡ് ചെയ്ത വീഡിയയോ പഴയ ഫോട്ടയോ അപ്ലോഡ് ചെയ്യാൻ സാധ്യമല്ല. ആപ്പ് വഴി നൽകുന്ന പരാതി കൺട്രോൾ റൂമിൽ ലഭിക്കുകയും ഇവിടെ നിന്നും ആന്റി ഡിഫേസ്മെന്റ് സ്ക്വാഡിന് കൈമാറുകയും ചെയ്യും. പരാതി യാഥാർത്ഥ്യമാണെങ്കിൽ സ്വീകരിച്ച നടപടികളെ കുറിച്ച് 100 മിനുറ്റിനകം പരാതിക്കാരന് മറുപടി ലഭിക്കും.

ഫോട്ടോ: സി വിജിൽ (സി വിജിൽ ലോഗോ)

## തെരെഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കണം

ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ലോക്സഭ തെരെഞ്ഞെടുപ്പിൽ പൂർണ്ണമായും ഹരിതചട്ടം പാലിക്കാൻ തീരുമാനിച്ചു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഫ്ളക്സ് ബോർഡുകൾക്ക് നേരത്തെ തന്നെ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ജില്ലയിലെ പോളിംഗ് ബൂത്തുകളിൽ അടക്കം ഹരിതചട്ടം പാലിക്കും.

കുടിവെള്ള കിയോസ്കുകൾ, തുണി ബാനർ, പേപ്പർ പോസ്റ്റർ, പേപ്പർ പേന, പെൻസിൽ, പേപ്പർ ഐഡി കാർഡുകൾ തുടങ്ങിയ പ്രകൃതി സൗഹൃദ മാർഗ്ഗങ്ങൾ സ്വീകരിക്കും. ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കി ഭക്ഷണത്തിന് വാഴയിലയും കഴുകി ഉപയോഗിക്കാവുന്ന സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും ഉപയോഗിക്കാം. പ്രചാരണത്തിന്റെ ഭാഗമായി അലങ്കാരങ്ങൾക്കും തോരണങ്ങൾക്കും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനും തീരുമാനിച്ചു.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്ങ്; 16 പരാതികൾ പരിഗണിച്ചു

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ന്യൂനപക്ഷ സിറ്റിങ്ങിൽ 16 പരാതികൾ പരിഗണിച്ചതിൽ രണ്ടെണ്ണം തീർപ്പാക്കി. എടയന്നൂർ മഹല്ല് കമ്മിറ്റി ജനറൽ ബോഡി യോഗം വിളിക്കുന്നില്ലെന്നും സാമ്പത്തിക ക്രമക്കേട് നടത്തുന്നതായുമുള്ള പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ വഖ്ഫ് ബോർഡിനോടാവശ്യപ്പെട്ടു.

സ്വന്തം സ്ഥലത്ത് കുടിവെള്ളാവശ്യത്തിന് കിണർ കുഴിക്കാൻ പഞ്ചായത്ത് അധികൃതരും ചില ആളുകളും തടസം നിൽക്കുന്നുവെന്ന കണ്ണൂർ ചക്കരക്കല്ല് സ്വദേശിനിയുടെ പരാതിയിൽ നിയമാനുസൃത നടപടി സ്വീകരിക്കാൻ ചെമ്പിലോട് പഞ്ചായത്തിന് നിർദേശം നൽകി.14 കേസുകൾ അടുത്ത സിറ്റിങ്ങിൽ പരിഗണിക്കും.കമ്മീഷൻ അംഗം അഡ്വ.മുഹമ്മദ് ഫൈസൽ സിറ്റിങ്ങിന് നേതൃത്വം നൽകി.

## തൊഴിൽ രഹിത വേതന വിതരണം

അജാനൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ രഹിത വേതനം മാർച്ച് 22, 23 തീയിതികളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും വിതരണം ചെയ്യും. 12000 രൂപയിൽ താഴെ കുടുംബ, വാർഷിക വരുമാന സാക്ഷ്യപത്രം ഹാജരാക്കിയവർ വേതനം കൈപ്പറ്റണമെന്ന് സെക്രട്ടറി അറിയിച്ചു.

പിലിക്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും നിലവിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വേതനം ഇന്നും നാളെയും(15, 16) വിതരണം ചെയ്യും. അർഹമായ ഗുണഭോക്താക്കൾ മതിയായ രേഖകൾ (റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് എന്നിവ) സഹിതം നേരിട്ട് ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു.

## നികുതി അടയ്ക്കണം

പൈവളികെ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ അടയ്ക്കാനുള്ള കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവ കുടിശ്ശിക യുൾപ്പെടെ മാർച്ച് 20 ന് മുൻപായി ഗ്രാമ പഞ്ചായത്തിൽ നേരിട്ടോ, നികുതി സ്വീകരി ക്കുന്ന ഉദ്യോഗസ്ഥർ വഴിയോ, ഓൺലൈൻ വഴിയോ അടച്ചു തീർക്കണം. അല്ലാത്ത പക്ഷം ജപ്തി, പ്രോസിക്യൂഷൻ അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്നും വസ്തു നികുതിയുടെ പിഴപ്പലിശ മാർച്ച് 30 വരെ താൽക്കാലികമായി ഒഴിവാക്കിയി ട്ടുണ്ടെന്നും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നും പൈവളികെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**തുടരും........**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **മാർച്ച് 14** <br> **MARCH 14** | **2019** |

*1193 കുംഭം 30* **വ്യാഴം**

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## തെരഞ്ഞെടുപ്പ് പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് രേഖാമൂലമുള്ള സമ്മതപത്രം വേണം: ജില്ലാ കളക്ടർ ഡോ.സജിത് ബാബു

ജില്ലയിലെ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം പരിശോധിക്കുന്നതിന് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ജില്ലാകളക്ടർ ഡോ.ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ ചേംബറിൽ ചേർന്നു. ജില്ലയിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി യോഗത്തിൽ അവലോകനം ചെയ്തു.

പൊതുസ്ഥലത്ത് അനധികൃതമായി സ്ഥാപിക്കുന്ന പരസ്യബോർഡ്, പ്രചാരണ ബോർഡ് നീക്കം ചെയ്യുന്നതിന് യോഗം നിർദേശം നൽകി. സ്വകാര്യ ഭൂമിയിലെ പരസ്യ പ്രചാരണബോർഡുകൾ സ്ഥാപിക്കുമ്പോൾ സ്ഥലമുടമകൾ രേഖാമൂലമുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. സ്ഥലമുടമകളുടെ സമ്മതപത്രം വാങ്ങിക്കണം. ആവശ്യപ്പെടുമ്പോൾ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നൽകണം.

യോഗത്തിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ഡി.പി അബ്ദുൾ റഹ്മാൻ, ഇല ക്ഷൻ ജൂനിയർ സൂപ്രണ്ട് എസ്.ഗോവിന്ദൻ, ആന്റി ഡിഫേഴ്സ് ടീം കോർഡിനേറ്റർ പി.ജെ അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

## പോളിംഗ് ബൂത്തുകൾ ജില്ലാ കളക്ടർ സന്ദർശിച്ചു

ലോക്സഭാ തെരഞ്ഞടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ബൂത്തുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബുവിന്റെ നേതൃത്വത്തിൽ ജില്ലയിലെ 16 പോളിംഗ് ബൂത്തുകളിൽ സന്ദർശനം നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകി.

മഞ്ചേശ്വരം താലൂക്കിലെ ധർമ്മത്തടുക്കയിലെ ദുർഗാപരമേശ്വരി ഹൈസ്കൂൾ (ബൂത്ത്നമ്പർ 161, 162,), കാനത്തിൽ എ എൽ പി സ്കൂൾ (163), പുത്തിഗെ പഞ്ചായത്തിലെ എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ (167, 168, 169, 170), ഷേണി വില്ലേജിലെ ശ്രീ ശാരദാംബ ഹൈസ്കൂൾ (187, 188), ഉളിയത്തടുക്ക ഗവ.വെൽഫയർ എൽ പി സ്കൂൾ ഷിരിബാഗ്ഡു(32, 33, 34, 35), ധർബത്തടുക്ക സെന്റ്.ബാർത്തലോമ എയ്ഡഡ് ബേസിക് സ്കൂൾ ബേള(64, 65, 66) എന്നിവിടങ്ങളിലാണ് സന്ദർശനം നടത്തിയത്. എല്ലാ നിയോജക മണ്ഡലങ്ങളിലും വരണാധികാരികൾ ബൂത്ത്തല പരിശോധന നടത്തും. സുതാര്യവും നിഷ്പക്ഷവുമായ ലോക്സഭാ തെരഞ്ഞെടുപ്പിന് ജില്ലയിൽ ശക്തമായ ഒരുക്കങ്ങൾ നടത്തുകയാണെന്ന് കളക്ടർ പറഞ്ഞു.

## ജീവനക്കാരുടെ വിവരങ്ങൾ നൽകണം: കളക്ടർ

തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കുന്നതിനായി ജില്ലയിലെ മുഴുവൻ ജീവന ക്കാരുടെയും പേര് വിവരങ്ങൾ ഇന്ന് (മാർച്ച് 15) രാവിലെ 11 നകം നൽകണമെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു പറഞ്ഞു. ഇനിയും വിവരങ്ങൾ നൽകാത്ത ഓഫീസ് മേധാവികൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ വിവരങ്ങൾ അറിയിക്ക ണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഇതിൽ വിഴ്ച വരുത്തുന്ന ഓഫീസ് മേധാവി കൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കളക്ടർ വ്യക്തമാക്കി.

## തൊഴിൽരഹിത വേതന വിതരണം

വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ തൊഴിൽരഹിത വേതനം കൈപറ്റുന്ന മുഴു വൻ ഗുണഭോക്താക്കൾക്കും 2018 ഏപ്രിൽ മുതൽ 2018 നവംബർ വരെയുള്ള തൊഴിൽ രഹിത വേതനം 2019 മാർച്ച് 25,26 തിയ്യതികളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും രാവിലെ 11 മുതൽ വൈകിട്ട് 3 വരെ വിതരണം ചെയ്യും. ഗുണഭോക്താക്കൾ വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, എംപ്ലോയ്മെന്റ് രജിസ്ട്രേ

ഷൻ കാർഡ് , തോഴിൽ രഹിത വേതന വിതരണ കാർഡ്, എസ് എസ് എൽ സി ബുക്ക്, റേഷൻ കാർഡ് എന്നിവ സഹിതം ഹാജരായി വേതനം കൈപ്പറ്റണം.

## മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ ഇനി ഓൺലൈൻ

മോട്ടോർ വാഹന വകുപ്പ് പൊതുജനങ്ങൾക്കായി നൽകുന്ന വാഹന സംബ സ്ധമായ എല്ലാ സേവനങ്ങളും മാർച്ച് 18 മുതൽ കേന്ദ്ര സർക്കാറിന്റെ www.parivahan.gov.in എന്ന വെബ് സൈറ്റ് വഴിയാകും. നിലവിലുള്ള സംവിധാന ത്തിലൂടെ ഓൺലൈൻ ഫീസ് അടച്ചവർ മാർച്ച് 18 നു വൈകുന്നേരം നാലിനകം അപേക്ഷകൾ അതത് ഓഫീസുകളിൽ സമർപ്പിക്കണം. ഓൺലൈനായി നൽകുന്ന അപേക്ഷകൾക്ക് ഫീസ് അടച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ഉപയോക്താവ് തങ്ങ ളുടെ അതത് ആർ.ടി ഓഫീസുകളിൽ സമർപ്പിച്ചാൽ മാത്രമേ അപേക്ഷാ സമർപ്പണം പൂർണ്ണമാകുകയുള്ളു. ഈ അപേക്ഷകളുടെ സ്റ്റാറ്റസ് മേൽ വെബ്സൈറ്റിൽ നിന്നും അപ്ലിക്കേഷൻ ഐ.ഡി ഉപയോഗിച്ച് ഉപയോക്താവിന് അറിയാൻ സാധിക്കും. പരി വാഹൻ വഴിയുള്ള സേവനങ്ങൾ അപേക്ഷകന് സ്വന്തമായോ ഇ സർവ്വീസ് സേവന ദാതാക്കൾ മുഖേനയോ ആർ.ടി, സബ് ആർ ടി ഓഫീസുകളിലോ നൽകാം.

വാഹന സംബന്ധമായ എല്ലാ അപേക്ഷകളുടെയും അപേക്ഷാ ഫോമുക ളിലും മറ്റു അനുബന്ധ രേഖ ഫീസ് എന്നിവയിലും യാതൊരു മാറ്റവുമില്ല. നിലവിലു ള്ള മോട്ടോർ വാഹന നിയമം അതേപടി ഈ നൂതന സംവിധാനത്തിലും ബാധകമാ ണ്. വാഹന സംബന്ധമായ എല്ലാ വിവരങ്ങളും ഇനി മുതൽ സ്മാർട്ട് ഫോണിൽ mparivahan എന്ന ആപ്ലിക്കേഷനിൽ ലഭ്യമാണ്. മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ സേവനങ്ങളും പൊതു ജനങ്ങൾക്ക് വിരൽത്തുമ്പിൽ എത്രയും വേഗത്തിൽ കൃത്യതയോടെ ലഭിക്കുക എന്ന ഉദ്ദേശത്തോടെ കേരളവും വാഹൻ എന്ന വെബ് പോർട്ടലിന്റെ ഭാഗവുമാകുകയാണെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറി യിച്ചു.

(അവസാനിച്ചു)